PL/14/2016

സെന്റ് പീറ്റേഴ്സ് ബസ്ലിക്കയുടെ മുമ്പിൽ വി.പത്രോസിന്റെയും വി.പൗലോസിന്റെയും പ്രതിമകൾ കാണാം. വിശുദ്ധ പത്രോസ് കയ്യിൽ താക്കോലുകൾ പിടിച്ചും വി.പൗലോസ് കയ്യിൽ വാളുപിടിച്ചും ദേവാലയമുറ്റത്ത് ഓരോ വശത്തുമായി നില്ക്കുന്നു.രണ്ടുപേരും ഒരേകാലത്ത് രക്തസാക്ഷികളായി എന്നാണ് സഭാവിശ്വാസം. രണ്ടുപേരുടെയും തിരുന്നാൾ സഭ ഒരുമിച്ചാണ് ആഘോഷിക്കുന്നത്-ജൂൺമാസം 29-ാം തിയതി. "യഹൂദരുടെ അപ്പോസ്തലനായ വി.പത്രോസും വിജാതീയരുടെ അപ്പോസ്തലനായ പൗലോസും ഒരുമിച്ച് കർത്താവിന്റെ നിയമങ്ങളെ പഠിപ്പിച്ചു"വെന്നാണ് തിരുന്നാൾദിനപൂജയിലെ പ്രാർത്ഥനാവാചകം.തിരുന്നാൾദിനത്തിലെ ആമുഖഗീതി ഇങ്ങനെ പാടുന്നു: "പിതാവേ, പത്രോസ് ക്രിസ്തീയവിശ്വാസത്തിൽ ഞങ്ങൾക്കുനേതൃത്വം നൽകി. പൗലോസ് വിശ്വാസസത്യങ്ങളിൽ ഞങ്ങളെ പ്രബുദ്ധരാക്കി. പത്രോസ് യഹൂദരുടെ ഇടയിൽ ആദിമസഭയ്ക്കു രൂപം നൽകി. പൗലോസ് വിജാതീയരുടെ ഗുരുവും പ്രേഷിതനുമായിപ്രശോഭിച്ചു. അങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ ക്രിസ്തുവിന്റെ ഏകകുടുംബത്തെ അവർ കെട്ടിപ്പെടുത്തു. ഒരേ രക്തസാക്ഷിത്വമകുടം ചൂടുവാൻ ഭാഗ്യം ലഭിച്ച ഈ പുണ്യാത്മാക്കളെ ലോകം തുല്യബഹുമതിയോടെ ആദരിക്കുകയും ചെയ്യുന്നു".

സമാനമായ ജീവിതപശ്ചാത്തലമല്ല വി. പത്രോസിന്റേതും വി. പൗലോസിന്റേതും. സമാനസ്വഭാവക്കാരുമായിരുന്നില്ല അവർ. യഹൂദപാരമ്പര്യം പിഞ്ചെല്ലുന്ന ഒരു സാധാരണക്കാരനാണ് പത്രോസ്.പൗലോസ് ഉന്നതശ്രേണിയിൽപ്പെട്ട ഒരുയഹൂദനാണ്-തീക്ഷ്ണമതിയും യഹൂദമതകാര്യങ്ങളിൽ മറ്റാരേക്കാളും മുൻപന്തിയിൽ നിൽക്കുന്നവനുമെന്ന് (ഗലാ. 1:14) സ്വയം പ്രഖ്യാപിക്കുന്ന യഹൂദൻ. പരിച്ഛേദിതരുടെ അപ്പോസ്തലനായി പത്രോസും അപരിച്ഛേദിതരുടെ അപ്പോസ്തലനായി പൗലോസും അറിയപ്പെട്ടു, അംഗീകരിക്കപ്പെട്ടു.

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മാർക്കോ. 16:15) എന്നതായിരുന്നു ശിഷ്യർക്കു യേശു നൽകിയ പ്രേഷിതദൗത്യം. "പാപമോചനത്തിനുള്ള അനുതാപം ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു" (ലൂക്കാ. 24:47) എന്നതായിരുന്നു യേശുവിന്റെ ഇംഗിതം. എങ്കിലും രക്ഷ യഹൂദരിൽ ഒതുക്കിനിർത്താനുള്ള പ്രവണത ആദിമസഭയിലുണ്ടായിരുന്നു."ആദ്യം യഹൂദർ" എന്നത്പൗലോസിനും സ്വീകാര്യമായകാര്യമായിരുന്നു. പക്ഷേ, രക്ഷ അവിടെ ഒതുങ്ങിപ്പോകുന്നതിനെ അദ്ദേഹം എതിർത്തു. "വിശ്വസിക്കുന്ന ഏവർക്കും ആദ്യം യഹൂദർക്കും പിന്നീടു ഗ്രീക്കുകാർക്കും അതു രക്ഷയിലേയ്ക്കു നയിക്കുന്ന ദൈവശക്തിയാണ്"എന്നു റോമാക്കാർക്ക് (1:16) അദ്ദേഹം എഴുതി. " യഥാർത്ഥപരിച്ഛേദനം ബാഹ്യമോ ശാരിരികമോ അല്ല..... ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർത്ഥ പരിച്ഛേദനം" (റോമാ. 1:28-29). കർത്താവ് നിശ്ചയിച്ച പന്ത്രണ്ട് അപ്പോസ്തലന്മാരിൽ പ്രമുഖനായ പത്രോസും വിശ്വാസത്തിലേയ്ക്കു വൈകിമാത്രം കടന്നുവന്ന പൗലോസും ആദ്യംമുതലേ ഒരേപോലെ അപ്പോസ്തലന്മാരായി ആദരിക്കപ്പെട്ടുപോരുന്നു.

യേശു സഭയ്ക്കു നിശ്ചയിച്ച ഘടന പന്ത്രണ്ടുപേരുടെ സംഘം എന്നതായിരിക്കേ

“പതിമൂന്നാമ”നായ പൗലോസ് എങ്ങനെ അപ്പോസ്തലനാകും? കർത്താവ് ആകെയുണ്ടായിരുന്ന 12 പേരെ അപ്പോസ്തലന്മാരാക്കുകയായിരുന്നില്ല. ലൂക്കാ സുവിശേഷകന്റെ സംഭവവിവരണം ഇങ്ങനെയാണ്: “പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ അടുത്തുവിളിച്ച് അവരിൽനിന്നു പന്ത്രണ്ടുപേരെ തെരഞ്ഞെടുത്ത് അവർക്കു അപ്പോസ്തലന്മാർ എന്ന പേരുനൽകി” (ലൂക്കാ. 6:13). യൂദാസിനു പകരമായി ഒരുവനെ തെരഞ്ഞെടുക്കാൻ അപ്പോസ്തലന്മാർ ഒട്ടും വൈകാതെ തീരുമാനിക്കുന്നു.“അവന്റെ ശുശ്രൂഷയുടെ സ്ഥാനം മറ്റൊരുവൻ ഏറ്റെടുക്കട്ടെ” എന്നാണ് അവരുടെ തീരുമാനം. നൂറ്റിയിരുപതോളംപേർ കൂടിയിരുന്ന സഭായോഗത്തിലാണ് ഈ തീരുമാനമുണ്ടാകുന്നത്. സ്ഥാനാർത്ഥിത്വത്തിനു പത്രോസു നിർദ്ദേശിച്ച മാനദണ്ഡം ഇതായിരുന്നു: “കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിനു ഒരാൾകൂടി സാക്ഷിയായിരിക്കണം. യോഹന്നാന്റെ സ്നാനംമുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേയ്ക്കു സംവഹിക്കപ്പെട്ട നാൾവരെ യേശു നമ്മോടൊപ്പം സഞ്ചരിച്ചിരുന്നകാലം മുഴുവനും നമ്മുടെകൂടെ ഉണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ” (അപ്പ. 1:23 ). ഈ വ്യവസ്ഥപ്രകാരമാണ് മത്തിയാസിനെ പന്ത്രണ്ടാമത്തെ അപ്പോസ്തലനാക്കുന്നത്. പന്ത്രണ്ട് എന്ന സംഖ്യയ്ക്ക അവർ ഒരു ദൈവികത്വം കൽപിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്.

വി.പൗലോസ് യേശുവിന്റെ സമകാലികനായിരുന്നു. പക്ഷേ, യേശു ജീവിച്ചിരുന്നകാലത്ത് ഒരിക്കലും യേശുവിനെ നേരിൽ കണ്ടിരുന്നില്ല. ക്രിസ്തുവിന്റെ പുതിയമാർഗ്ഗത്തെ യഹൂദമതത്തിന്റെ അപഭ്രംശമായികണ്ട് അതിനെകായികമായിപ്പോലും പ്രതിരോധിക്കുന്നവരുടെ സഹായിയായിട്ടാണ് പൗലോസ് ക്രിസ്തുമതചരിത്രത്തിലേയ്ക്കു കടന്നുവരുന്നത്. “സാക്ഷികൾ തങ്ങളുടെ വസ്ത്രങ്ങൾ സാവൂൾ എന്ന യുവാവിന്റെ കാൽക്കൽ അഴിച്ചുവെച്ചു”വെന്ന് അപ്പോസ്തലനടപടികളിൽ (8:58) രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റീഫന്റെ രക്തസാക്ഷിത്വത്തിനുശേഷം ജറുസലെമിലുണ്ടായ സഭയ്ക്കെതിരെയുള്ള പീഡനത്തിൽ സാവൂൾ പ്രധാനപങ്കാളിയാണ്. ക്രിസ്ത്യാനികളെ ബന്ധിതരാക്കാനുള്ള യാത്രക്കിടയ്ക്കാണ് പൗലോസിനു മാനസാന്തരമുണ്ടാവുന്നത്.ഇത്തരമൊരാളെ ക്രിസ്തുശിഷ്യനായി അംഗീകരിക്കാൻ ആദിമക്രൈസ്തവർക്കു ഭയമായിരുന്നു. വർഷങ്ങൾക്കുശേഷമാണ് പൗലോസ് സഭാതലവനായ പത്രോസിനെത്തന്നെ കാണുന്നത്. എന്നാൽ ഇക്കാലമത്രയും പൗലോസ് വെറുതേയിരിക്കുകയായിരുന്നില്ല. താൻ എതിർത്തിരുന്ന അതേ ക്രിസ്തുവിനെ രക്ഷയ്ക്കുള്ള ഏകമാർഗ്ഗമായി വിജാതീയരുടെയിടയിൽ പ്രഘോഷിക്കുകയായിരുന്നു. “മൂന്നുവർഷത്തിനുശേഷം കേപ്പയെ കാണാൻ ഞാൻ ജറുസലേമിലേയ്ക്കുപോയി. അവനോടൊത്ത് പതിനഞ്ചുദിവസം താമസിക്കുകയും ചെയ്തു” എന്ന് അദ്ദേഹം ഗലാത്തിയരെ അറിയിക്കുന്നുണ്ട് (1:18). യാക്കോബിനെയല്ലാതെ അപ്പോസ്തലന്മാരിൽ മറ്റാരെയും അദ്ദേഹം കണ്ടതുമില്ല.

പൗലോസ് വിജാതീയരുടെ ഇടയിൽ എല്ലായിടത്തും യേശുവിനെക്കുറിച്ചു പ്രസംഗിക്കുന്ന വിവരം എല്ലാ സഭകളും അറിഞ്ഞിരുന്നു. അദ്ദേഹം ഇക്കാര്യത്തെക്കുറിച്ച് ഓർക്കുന്നത് ഇങ്ങനെയാണ്: “യൂദയായിൽനിന്നുള്ള ക്രിസ്തീയസഭകൾ അപ്പോഴും എന്നെ നേരിട്ടറിഞ്ഞിരുന്നില്ല. ഒരിക്കൽ നമ്മെ പീഡിപ്പിച്ചിരുന്നവൻ താൻ ഉന്മൂലനം ചെയ്യാൻ ശ്രമിച്ച വിശ്വാസം ഇപ്പോൾ പ്രസംഗിക്കുന്നു എന്നുമാത്രം അവർ കേട്ടിരുന്നു. അവർ എന്നെപ്രതി ദൈവത്തെ മഹത്വപ്പെടുത്തി”(ഗലാ. 1:22–24).പൂർണ്ണമായ അർത്ഥത്തിൽ താൻ അപ്പോസ്തലനാണെന്ന ബോധ്യത്തോടുകൂടിത്തന്നെയാണ് പൗലോസ് സുവിശേഷം പ്രസംഗിച്ചിരുന്നത്.“സാക്ഷികളായി മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടവർ” എന്ന

വിശേഷണമാണ് അപ്പോസ്തലൻ എന്ന വാക്കിന് പൗലോസ് കൊടുക്കുന്നത് (അപ്പ: 10:41). ഈ അർത്ഥത്തിൽ താൻ അപ്പോസ്തലൻ തന്നെ എന്ന് അദ്ദേഹം അവകാശപ്പെടുന്നുണ്ട്. "ഞാൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തെരഞ്ഞെടുത്തു;; തന്റെകൃപയാൽ അവിടുന്ന് എന്നെ വിളിച്ചു. അത് അവിടുത്തെ പുത്രനെപ്പറ്റി വിജാതീയരുടെ ഇടയിൽ പ്രസംഗിക്കാൻ അവനെ എനിക്കു വെളിപ്പെടുത്തി തരേണ്ടതിനായിരുന്നു"(ഗലാ1:15-16). തന്റെ സാക്ഷിയാകൽ യേശുവിൽ നിന്നു കിട്ടിയ പ്രത്യേക അനുഗ്രഹമായി അദ്ദേഹം വിവരിക്കുന്നു: "സഹോദരരേ,ഞാൻ പ്രസംഗിച്ച സുവിശേഷം മാനുഷികമല്ല എന്നു നിങ്ങളെ ഞാൻ അറിയിക്കുന്നു. എന്തെന്നാൽ, മനുഷ്യനിൽനിന്നല്ല ഞാനതു സ്വീകരിച്ചത്. ആരും അതെന്നെ പഠിപ്പിച്ചതുമല്ല.യേശുക്രിസ്തുവിന്റെ വെളിപാടിലൂടെയാണ് എനിക്കതു ലഭിച്ചത്" (ഗലാ. 1:11–12).

മറ്റ് അപ്പോസ്തലന്മാരോടു ബന്ധമില്ലാതെ അവർക്കു സമാന്തരമായി മറ്റൊരു സഭ സ്ഥാപിക്കുകയായിരുന്നു പൗലോസ് എന്നു നമ്മൾ കരുതേണ്ടതില്ല. ആരംഭംമുതലേ പൗലോസ് വിജാതീയരുടെ സുവിശേഷവത്ക്കരണം തന്റെ ദൗത്യമായി കരുതുകയും അതിൽ മാത്രം ശ്രദ്ധിക്കുകയും ചെയ്തു. "പരിച്ഛേദിതർക്കുള്ള സുവിശേഷം പത്രോസിന് എന്നുള്ളതുപോലെ അപരിച്ഛേദിതർക്കുള്ള സുവിശേഷം എനിക്കു ഏൽപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കി" (ഗലാ. 2:8) എന്ന് പൗലോസ് എഴുതിയിട്ടുണ്ട്. "നേതൃസ്തംഭങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്ന യാക്കോബും കേപ്പായും യോഹന്നാനും ദൈവത്തിന്റെ കൃപ എനിക്ക് ലഭിച്ചിരിക്കുന്നുവെന്ന് കണ്ട് തങ്ങളുടെ കൂട്ടായ്മയുടെ വലതുകരം എനിക്കും ബാർണബാസിനും നീട്ടിത്തന്നു" (ഗലാ. ).ഒരു കാരണവശാലും അപ്പോസ്തലന്മാരുടെ എണ്ണം പന്ത്രണ്ടിൽ കൂടാൻ പാടില്ല; ആ പന്ത്രണ്ടുപേരെയല്ലാതെ മറ്റാരെയും അപ്പോസ്തലൻ എന്നു വിളിക്കരുത് എന്ന് യേശു കൽപന നൽകിയിട്ടില്ല. എങ്കിലും, അപ്പോസ്തലന്മാർ എത്ര എന്ന ചോദ്യത്തിന് പന്ത്രണ്ട് എന്ന് തന്നെ ഉത്തരം. അപ്പോൾ പൗലോസോ? എന്ന ചോദ്യത്തിന് അദ്ദേഹവും അപ്പോസ്തലൻ തന്നെ, വിജാതീയരുടെ അപ്പോസ്തലൻ എന്നും ഉത്തരം പറയണം.

വ്യവസ്ഥകളൊന്നും പൂർത്തിയാക്കാത്ത സാവൂൾ അപ്പോസ്തലനായി സുവിശേഷ വത്കരണം നടത്തുന്നത് അറിഞ്ഞിട്ടും അദ്ദേഹത്തെ വിലക്കാൻ അപ്പോസ്തലന്മാർ തുനിഞ്ഞില്ല. യേശുവിന്റെ പരസ്യജീവിതകാലത്ത്, തങ്ങളോടൊത്ത് യേശുവിനെ അനുഗമിക്കാത്ത ഒരാൾ അവിടുത്തെ നാമത്തിൽ പ്രവർത്തിക്കുന്നത് തടയട്ടേയെന്നു ചോദിച്ച് യേശുവിനെ സമീപിച്ച യോഹന്നാനു കിട്ടിയ മറുപടി അവർക്കു മറക്കാവുന്നതായിരുന്നില്ല "നമുക്കെതിരല്ലാത്തവൻ നമ്മുടെ പക്ഷത്താണ്"(ലൂക്കാ 9:40). പൗലോസാകട്ടെ "എല്ലാവരും സ്വരചേർച്ചയോടും ഐക്യത്തോടും ഏകമനസ്സോടും ഏകാഭിപ്രായത്തോടുംകൂടെ വർത്തിക്കണം"(1കോറി.1:10)എന്നതിന്റെ ഉത്തമമാതൃകയായി സുവിശേഷ വേല നിറവേറ്റുകയും ചെയ്തു.

യഹൂദർ അടയാളങ്ങളും ഗ്രീക്കുകാർ വിജ്ഞാനവും അന്വേഷിക്കുമ്പോൾ രണ്ടിനുംപോന്ന ഒരാളിനെ പൗലോസിലൂടെ കർത്താവ് സഭയ്ക്കുനൽകിയിരിക്കുന്നു എന്ന രീതിയിലാണ് പൗലോസിന്റെ പ്രബോധനത്തെ ആദിമ സഭ കണ്ടത്. ദൈവത്തിന്റെ ഭോഷത്തം മനുഷ്യരേക്കാൾ ജ്ഞാനമുള്ളതും ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ശക്തവുമാണ് എന്നു പറഞ്ഞുകൊണ്ട് യഹൂദർക്കു ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നവൻ തങ്ങളുടെതന്നെ ജോലിയാണ് ചെയ്യുന്നതെന്ന് അപ്പോസ്തലന്മാർ കരുതി. പൗലോസിന്റെ അപ്പോസ്തലൻ എന്ന

അവകാശവാദത്തെ തർക്കവിഷയമാക്കാൻ അതുകൊണ്ടാവണം അവർ തുനിയാത്തത്. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു പറഞ്ഞ്,അവന് ഇണങ്ങിയ ഒരു സഖിയെ നൽകി ദൈവം മനുഷ്യസൃഷ്ടി പൂർണ്ണതയുള്ളതാക്കി എന്നു ഉൽപത്തിവിവരണമുണ്ട്. ഇതേപോലെ, സർവ്വജനങ്ങൾക്കുംവേണ്ടിയുള്ള രക്ഷയുടെ സദ്വാർത്തയെ അറിയിക്കാൻ പന്ത്രണ്ടുപേരെ നിയോഗിച്ച കർത്താവ് ഈ സദ്വാർത്ത യഹൂദർക്കിടയിൽ ഒതുങ്ങിപ്പോകുന്ന പ്രവണതകണ്ട് തന്റെ രക്ഷാദൗത്യത്തെ, സർവ്വജനങ്ങളിലുമെത്തിക്കാൻ കണ്ടെത്തിയ മാർഗ്ഗമാണ് വി. പൗലോസ് എന്നു കരുതാം.

ഒരു മാറ്റത്തിനും വിധേയമല്ലാത്ത, മാറിയാൽ, മാറ്റിയാൽ, നശിച്ചുപോകുന്ന ഒന്നായി സഭാഘടനയേയും സംവിധാനങ്ങളേയും നമ്മൾ കാണരുത്. നിരന്തരനവീകരണക്ഷമത സഭയുടെ സ്വാഭാവികഘടനയാണ്. ഭൂമിയുടെ മുഖം സദാനവീകരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മസാന്നിദ്ധ്യം സഭയിൽ എന്നുമുള്ളതുകൊണ്ടാണിത്. നവംനവങ്ങളായ പൊടിപ്പുകളും പൂക്കളും കായ്കളും സഭാതരുവിലുണ്ടാവും. നമുക്കത് ഉതപ്പിനല്ല ആഹ്ലാദത്തിനാണ് വകയാകേണ്ടത്. ഒരുദാഹരണമെടുക്കുക: ദൈവം അനന്തകാരുണ്യമാകുന്നുവെന്നത് വിശുദ്ധ ഗ്രന്ഥത്തിൽ ആദ്യന്തമുള്ള കാര്യമാണ്. "ദൈവത്തിന്റെ പേര് കരുണയെന്നാകുന്നു"വെന്ന് ഫ്രാൻസിസ് മാർപാപ്പ ഇതേകാര്യം മറ്റൊരു രീതിയിൽ പറഞ്ഞുതരുകയും കാരുണ്യത്തെ നമുക്കിതുവരെ പരിചയമില്ലാത്ത ദൂരങ്ങളിലേയ്ക്കും മേഖലകളിലേയ്ക്കും നീട്ടിനിർത്തുകയുംചെയ്യുമ്പോൾ അമ്പരപ്പുതോന്നിയോ? സഭയുടെ വർദ്ധിച്ചുവരുന്ന പ്രസക്തിയായിട്ടല്ലേ നമുക്കത് ഇപ്പോൾ അനുഭവപ്പെടുന്നത്?

പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലുമുള്ള ഇടവകകളിൽ മനുഷ്യരുടെ കുടിയേറ്റങ്ങളും കുടിയൊഴിയലുകളും വർദ്ധമാനമായ രീതിയിൽ നടക്കുന്നുണ്ട്.പുതുതായി വിശ്വാസികളാകുന്നവരുമുണ്ട്."ഇരുത്തന്മാ"രുടെയും"വരത്തന്മാ"രുടെയും പ്രശ്നം തലപൊക്കുന്ന സാഹചര്യമുണ്ടാകുന്നു.ദീർഘകാലതാമസംകൊണ്ടും ചില കുടുംബപാരമ്പര്യങ്ങളുടെപേരിലും മുൻനിരയിൽ നില്ക്കുന്നവർക്ക് ഇതുമൂലം സ്ഥാനചലനം വന്നെന്നുവരാം. നവീകരണപ്രസ്ഥനങ്ങളിലൂടെ കടന്നുവന്ന് വിശ്വാസതീക്ഷ്ണതയോടെ സഭാജീവിതത്തിന്റെ മുൻനിര പ്രവർത്തനത്തിനെത്തുന്നവരുടെ എണ്ണവും വർദ്ധിച്ചുകാണുന്നു. പ്രവർത്തനപാരമ്പര്യത്തിന്റെ പേരിൽ, വിശ്വാസത്തിലെ മൂപ്പിളമയുടെ പേരിലൊക്കെ മാറ്റിനിർത്തലുകൾക്കോ ഇകഴ്ത്തലുകൾക്കോ ഒക്കെ പ്രലോഭനമുണ്ടാകാറില്ലേ? പൗലോസിനുകിട്ടിയതുപോലെ "കൂട്ടായ്മയുടെ വലതുകരം" പഴമക്കാരിൽനിന്ന് പുത്തനുണർവ്വുകാരിലേയ്ക്ക് നീളുന്നുണ്ടോ? അതോ, അകാലജാതരായി മുദ്രകുത്തി അവരെയൊക്കെ പ്രൊബേഷണറി ലിസ്റ്റിൽ നിർത്തുമോ?

പ്രായം ഇളപ്പമായവരിൽ, ശുശ്രൂഷാരംഗത്തേയ്ക്കു വൈകിയെത്തിയവരിൽഒക്കെ "ഇന്നലത്തെ മഴയ്ക്കുകിളുർത്ത തകര"കളെ കാണാൻ നമുക്കുതന്നെ പ്രലോഭനമുണ്ടാകുന്നില്ലേ? ചിലപ്പോഴെങ്കിലും? ഏതൊരാളുടെ കടന്നുവരവും, അതെപ്പോഴായാലും, എല്ലാം ദൈവമഹത്വത്തിനെന്നു പറഞ്ഞ് സ്വീകരിക്കാനാണു മനസ്സുവേണ്ടത്. വിജ്ഞാനവും, ആരെയും ഉത്തരം മുട്ടിക്കുന്ന വാദപ്രതിവാദമികവും ഉള്ള പൗലോസ് തങ്ങൾക്കു ഭീഷണിയാവും എന്നല്ല, തങ്ങൾക്ക് ഭൂഷണവും വിശ്വാസത്തിന് മുതൽക്കൂട്ടുമാവും എന്നാണ് അപ്പോസ്തലന്മാർ ചിന്തിച്ചത്. ആരുടെ വരവും ആരുടെ വിജയവും കർത്താവിനും അവിടുത്തെ രാജ്യത്തിനുമുള്ളത് എന്ന സുകൃതമന്ത്രം ചുണ്ടിൽ എപ്പോഴുമുണ്ടാകട്ടെ.

+ ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ